"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- ബേപ്പൂർ തുറമുഖത്തെ M/s ACE നിർമ്മിത പിക്ക് & ക്യാരി ക്രെയിനുകളായ എയ്സ് നം. 1, എയ്സ് നം. 2 എന്നീ ക്രെയിനുകളിൽ പുതിയ ടയറുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.327/2025/F&P തീയതി,തിരുവനന്തപുരം, 19-05-2025

---

പരാമർശം:- കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 29/04/2025 ലെ HOKMB-TVM/431/2025-DI (Tech) നമ്പർ കത്ത്

**ഉത്തരവ്**

ബേപ്പൂർ തുറമുഖത്തെ M/s ACE നിർമ്മിത പിക്ക് & ക്യാരി ക്രെയിനുകളായ എയ്സ് നം. 1, എയ്സ് നം. 2 എന്നീ ക്രെയിനുകളിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന എല്ലാ ടയറുകളും നിരന്തരമായ ഉപയോഗം മൂലം തേയ്മാനം സംഭവിച്ചിട്ടുള്ളതിനാൽ ആയവ എല്ലാം മാറ്റി സ്ഥാപിക്കുന്നതിന് 3,57,000/- രൂപയുടെ എസ്റ്റിമേറ്റ് കോഴിക്കോട് തുറമുഖ ഓഫീസർ സമർപ്പിച്ചിട്ടുണ്ട്. മേൽ ക്രെയിനുകളിലെ എല്ലാ ടയറുകളും ടി ക്രെയിനുകൾ ലഭ്യമാക്കിയ (2019 വർഷത്തിൽ) വേളയിൽ ഘടിപ്പിച്ചിട്ടുള്ളതാണ്. 11.00-20 18 PR അളവിലുള്ള 8 എണ്ണം ടയറുകളും, 13.00-24 12 PR അളവിലുള്ള 4 എണ്ണം ടയറുകളും, ടി ടയറുകൾക്ക് ഫ്ലാപ്പ്, ട്യൂബ് എന്നിവയും കൂടാതെ ടി ടയറുകൾ വീൽ ഡ്രമ്മുകളിൽ ഘടിപ്പിക്കുക എന്നിവയെല്ലാം ചേർത്താണ് എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുന്നത്. സാധന സാമഗ്രഹികൾക്ക് മാത്രം 3,49,466/- രൂപയും പുതിയ ടയറുകൾ വീൽ ഡ്രമ്മുകളിൽ ഘടിപ്പിക്കുന്നതിന് ഏകദേശം 7,534/- രൂപയും ചിലവ് പ്രതീക്ഷിക്കുന്നു എന്നും ആയതിനാൽ ബേപ്പൂർ തുറമുഖത്തെ M/s ACE നിർമ്മിത പിക്ക് & ക്യാരി ക്രെയിനുകളായ എയ്സ് നം. 1, എയ്സ് നം. 2 എന്നീ രണ്ട് ക്രെയിനുകളിലെ എല്ലാ ടയറുകളും മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് കോഴിക്കോട് തുറമുഖ ഓഫീസർ 3,57,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി 5051-80-800-98 Augmentation of Workshop and Stores Organisation 19 Machinery and Equipments" എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിയ്ക്കണമെന്ന് കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിയ്ക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. ബേപ്പൂർ തുറമുഖത്തെ M/s ACE നിർമ്മിത പിക്ക് & ക്യാരി ക്രെയിനുകളായ എയ്സ് നം. 1, എയ്സ് നം. 2 എന്നീ രണ്ട് ക്രെയിനുകളിലെ എല്ലാ ടയറുകളും മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് 3,57,000/- (മൂന്ന് ലക്ഷത്തി അൻപത്തി ഏഴായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി 5051-80-800-98 Augmentation of Workshop and Stores Organisation 19 Machinery and Equipments" എന്ന

ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BINDU V K

അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

P Y Usha

സെക്ഷൻ ഓഫീസർ

Date: 19-05-2025 15:15:39